ENTRI

1 Crore User Downloads

# CURRENT AFFAIRS 30 JULY 2025




**2025 ജൂലൈയിൽ റഷ്യൻ തീരങ്ങളിലും, ജപ്പാൻ തീരങ്ങളിലും, അമേരിക്കൻ തീരങ്ങളിലും സുനാമിക്ക് കാരണമായ ഭൂചലനത്തിന്റെ പ്രഭവകേന്ദ്രം**

റഷ്യ

- റഷ്യയിലെ കംചട്ക ഉപദ്വീപിലാണ് ഭൂകമ്പമാപിനിയിൽ 8.8 തീവ്രത രേഖപ്പെടുത്തിയ ഭൂചലനം ഉണ്ടായത്.

---



**നഹിദ്-2 എന്ന ടെലികമ്മ്യൂണിക്കേഷൻ, ഗവേഷണ ഉപഗ്രഹം വിക്ഷേപിച്ച രാജ്യം**

ഇറാൻ

---

**2025 ജൂലൈയിൽ സൻസദ് ടിവിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (സിഇഒ) ആയി നിയമിതനായത്**

ഉത്പൽ കുമാർ സിംഗ്

- ഇന്ത്യൻ പാർലമെന്റിന്റെ ഇരുസഭകളുടെയും നടപടി ക്രമങ്ങളും മറ്റ് പൊതുകാര്യ പരിപാടികളും സംപ്രേഷണം ചെയ്യുന്ന ഒരു ഇന്ത്യൻ സർക്കാർ ടെലിവിഷൻ ചാനലാണ് സൻസദ് ടിവി.
- ലോക്സഭാ ടിവിയും രാജ്യസഭാ ടിവിയും സംയോജിപ്പിച്ചാണ് 2021 മാർച്ചിൽ സൻസദ് ടിവി രൂപീകരിച്ചത്.



ഉത്പൽ കുമാർ സിംഗ്

---

**ഹൈഡ്രജൻ ഇന്ധനമായി പ്രവർത്തിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ ട്രെയിൻ കോച്ച് വിജയകരമായി പരീക്ഷിച്ചത്**

ഇന്റഗ്രൽ കോച്ച് ഫാക്ടറി (ICF), ചെന്നൈ



---

**കേരള ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര വൈറ്റ് വാട്ടർ കയാക്കിങ് മത്സരമായ മലബാർ റിവർ ഫെസ്റ്റിവലിന്റെ 11-ാമത് പതിപ്പിന്റെ വേദി**

കോഴിക്കോട്

- കേരള ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റി, ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ, ത്രിതല പഞ്ചായത്തുകൾ എന്നിവ ഇന്ത്യൻ കയാക്കിങ് ആൻഡ് കനോയിങ് അസോസിയേഷന്റെ സാങ്കേതിക സഹായത്തോടെയാണ് മലബാർ റിവർ ഫെസ്റ്റിവൽ സംഘടിപ്പിച്ചത്.
- ഇരുവഴിഞ്ഞിപ്പുഴയിലും ചാലിപ്പുഴയിലുമായിരുന്നു മത്സരം.

MALABAR RIVER FESTIVAL 2025